**Akshaya State Project Office**

Kochumadathil Building, T.C.25/2251, Manjalikulam Road, Thampanoor, Thiruvananthapuram - 695 001, Kerala, India.
Tel: +91-471-2324220, Telefax: +91-471-2324219, Email: aspo@akshaya.net, Web: www.akshaya.kerala.gov.in

AKSHAYA
Gateway of opportunities

Kerala State IT Mission
Government of Kerala

File No:AKS/329/2018-SDM/131

തീയതി :-14/03/2018

## സർക്കുലർ

**വിഷയം** :-എല്ലാ അക്ഷയ സംരംഭകർക്കും ബി എസ് എൻ എൽ "ഫൈബർ ടു ദി ഹോം " എന്ന പ്ലാൻ ലഭ്യമാക്കുന്നത് സംബന്ധിച്ച് -

**സൂചന** :-21/02/2018 തീയതിയിലെ ബി എസ് എൻ എൽ ഓഫീസിൽ നിന്നും ലഭിച്ച EB /4 -1 / പ്രൊപോസൽസ് (അക്ഷയ) /17 -18 നമ്പർ കത്ത്

കേരള സംസ്ഥാന ഐ ടി മിഷൻ ,അക്ഷയ പ്രോജക്റ്റിന്റെ പരിധിയിൽ വരുന്ന എല്ലാ അക്ഷയ സംരംഭകർക്കും ബി എസ് എൻ എൽ " ഫൈബർ ടു ദി ഹോം " എന്ന പ്ലാൻ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ് .മാസത്തിൽ 10 Mbps സ്പീഡിൽ 120 GB വരെ B/W യോട് കൂടിയ സ്കീമാണ് KL_AKSHAYA_ULD_875..ഇതിനുള്ള പ്രതിമാസ നിശ്ചിത വാടക 875 രൂപയും പ്രതിമാസ മോഡം വാടക 90 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്.പ്ലാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ്,മോഡം സെക്യൂരിറ്റി ഡെപ്പോസിറ്റ്,ഇൻസ്റ്റാളേഷൻ ചാർജ് എന്നിവ ഒഴിവാക്കിയിട്ടുള്ളതുമാണ്.അക്ഷയയിലൂടെ നടപ്പിലാക്കി വരുന്ന പല പദ്ധതികളുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ അപേക്ഷകരുടെ വിവരങ്ങൾ മതിയായ രേഖകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കുമ്പോൾ ഇന്റർനെറ്റിന്റെ B/W പോരായ്മകൾ പലപ്പോഴും അക്ഷയ സംരംഭകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട് .പ്രത്യേകിച്ചും ആധാർ ,ഇ-ഡിസ്ട്രിക്ട് തുടങ്ങിയ പദ്ധതികളിൽ സമയബന്ധിതമായി വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എല്ലാ അക്ഷയ സംരംഭകർക്കും മിതമായ നിരക്കിൽ നിലവാരം വർധിക്കുന്നതാണ്.തദ്വാരാ ,പൊതുജനങ്ങളിൽ സംതൃപ്തി ഉളവാക്കുന്നതാണ് .ആയതിനാൽ അതാത് അക്ഷയ ജില്ലാ ഓഫീസുകളിലെ ഉദ്യോഗസ്ഥർ ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് അക്ഷയ സംരംഭകർക്ക് പ്രസ്തുത സ്കീമിന്റെ പ്രയോജനം ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് സംസ്ഥാന ഓഫീസിൽ അറിയിക്കേണ്ടതാണ് .

ഉള്ളടക്കം:

1 .ഉത്തരവിന്റെ പകർപ്പ് .

2 .ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥരുടെ വിവരങ്ങൾ.

വിശ്വസ്തതയോടെ

SEERAM SAMBASIVA RAO IAS
DIRECTOR
Kerala State IT Mission
Department of Electronics & Information Technology

സീറാം സാംബശിവ റാവു ഐ .എ .എസ്

ഡയറക്ടർ